**പതിനൊന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**2003 ജൂലൈ 16-ാം തീയതി ബുധനാഴ്ച**

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -20)

554)പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ/ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കാൻ നടപടി
555)വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്വകാര്യസംരംഭങ്ങൾ
556)കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി പ്രതീക്ഷിച്ച് കഴിയുന്ന ജലവൈദ്യുത പദ്ധതികൾ
557)കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം
558)'തീരസമൃദ്ധി' പദ്ധതി
559)പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിരോധനം
560)ബഡ്ജറ്റിൽ തുക വകയിരുത്താതെ പണിനടത്തിയ ജലസേചന പദ്ധതികൾ
561)എനർജി ആഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി
562)ഡിടി.പി.സികൾക്കുള്ള വരവിനങ്ങൾ
563)ആദിവാസി മേഖലകളിൽലേയ്ക്കുള്ള കുടിയേറ്റം
564)കാലപ്പഴക്കം ചെന്നഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച പഠനം
565)വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ്, ഓർഗനൈസേഷൻ മുതലായവയെപ്പറ്റി പഠനം
566)നദീതട പഠനം
567)സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ
568)കർഷകർക്കും കർഷക സംഘങ്ങൾക്കും ആവശ്യാനുസരണം ജലലഭ്യത ഉറപ്പുവരുത്താൻ നടപടി
569) ഗ്രാമീണമേഖലയിൽ മത്സ്യ കൃഷി ആരംഭിക്കുന്നതിന് പ്രോത്സാഹനം
570) ഡാം സേഫ്റ്റി ഓർഗനൈസേഷൻ
571) പ്രത്യേക ടൂറിസം മേഖല ഉണ്ടാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ
572) ദേശീയ പട്ടികജാതി - പട്ടികവർഗ്ഗ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിവരുന്ന സഹായങ്ങൾ
573) ജലപാത ഡയറക്ടറേറ്റ് രൂപീകരണം

**പട്ടികജാതിപട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ/ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കാൻ നടപടി**

*554. ശ്രീ. കെ.രാധാകൃഷ്ണൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്/ഉദ്യോഗാർത്ഥികൾക്ക് പരീക്ഷകളിൽ മത്സരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടിയുള്ള സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിലൂടെ ഇതിനകം എത്രപേർക്ക് സേവനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) മുൻ സാമ്പത്തികവർഷം ഈ സ്ഥാപനത്തിനുവേണ്ടി അനുവദിച്ച തുകയിൽ എന്തു തുക ചെലവഴിക്കുകയുണ്ടായി ;

(ഡി) ഈ വർഷം ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി ;

(ഇ) ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) പട്ടികജാതി വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ ഈ സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ ( പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി):**

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ/ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുവാൻ സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മൂന്ന് പി.ഇ. റ്റി. സി.കൾ നിലവിലുണ്ട്. കൂടചാതെ കോഴിക്കോട് ആസ്ഥാനമായി സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനവും സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രൊഫഷണൽ ഡവലപ്മെന്റ് കോഴ്സിൽ രണ്ടു ബാച്ചുകളിലായി 74 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ സർവ്വീസിലുള്ള 10 പേർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരാഴ്ചത്തെ പരിശീലനവും നൽകിയിട്ടുണ്ട്.
(സി) 2001-2002 വർഷം അനുവദിച്ച 75 ലക്ഷം രൂപയിൽ 2002-2003 വർഷത്തിൽ 50.8 ലക്ഷം രൂപ ചെലവഴിച്ചു.
(ഡി6.4 ലക്ഷം രൂപ.
(ഇ) 2002 ജൂലായ് മാസത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സ്ഥാപനം ശൈശവദശയിൽ ആയതിനാലും പൂർണ്ണമായ തോതിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാലും ഉദ്ദേശലക്ഷ്യങ്ങൾ മുഴുവനായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഐ.ഐ.എം. ഉൾപ്പെടെയുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്നതിനും സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിനേടുന്നതിനും പരിശീലനം പൂർത്തിയാക്കിയവരിൽ കുറച്ചുപേർക്ക് സാധിച്ചിട്ടുണ്ട്. വിവിധ മത്സര പരീക്ഷകളിൽ പങ്കെടുത്ത് വിജയം നേടാൻ കഴിയുമെന്ന ആത്മവിശ്വാസം വളർത്തിയെടുക്കാനും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുവാനും കേന്ദ്രത്തിൽ നടത്തിയ പരിശീലന പരിപാടികൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട്.
(എഫ്) അല്ല. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോടിന്റെ നിയന്ത്രണത്തിലാണ് ഇവിടുത്തെ കോഴ്സുകൾ നടത്തുന്നത്. പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മോണിറ്ററിംഗ് കമ്മിറ്റി ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

## വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സ്വകാര്യസംരംഭങ്ങൾ

*555. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
വി.ഡി. സതീശൻ :
തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എത്ര സ്വകാര്യ സംരംഭങ്ങളുണ്ട് ;
(ബി) ഇവയുടെ ആകെയുള്ള കപ്പാസിറ്റി എത്രയാണ് ;
(സി) ഈ സംരംഭങ്ങളിൽ നിന്നുള്ള വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡ് വിലയ്ക്കു വാങ്ങിയാണോ വിതരണം നടത്തുന്നത് ;
(ഡി) എങ്കിൽ എന്തുവിലയ്ക്ക് ;
(ഇ) ഈ വൈദ്യുതി എന്തു വിലയ്ക്കാണ് വിൽക്കുന്നത് ;
(എഫ്) പ്രസ്തുത സംരംഭങ്ങളിൽ നിന്ന് ആവശ്യക്കാർക്ക് വൈദ്യുതി നേരിട്ട് നൽകുവാൻ അനുവദിക്കുമോ ?

**ഉത്തരം**
**ശ്രീ. കടവൂർ ശിവദാസൻ ( വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

(എ) നാല്.
(ബി) 210.436 മെഗാവാട്ട്.

1. കുത്തുങ്കൽ-21 മെ.വാ
2. മണിയാർ-12 മെ.വാ.
3. ബി.എസ്.ഇ.എസ്.കൊച്ചി-157 മെ.വാ.
4. കെ.പി.സി.എൽ-കാസർഗോഡ്-20.436 മെ.വാ.

---------------

210.436 മെ.വാ.

================

(സി)&(ഡി) 2002-03 സാമ്പത്തിക വർഷത്തിലെ ശരാശരി വില താഴെപ്പറയും പ്രകാരമാണ് .

| | ഫിക്സ്ഡ് ചാർജ്ജ് | വേരിയബിൾ ചാർജ്ജ് | ആകെ |
|---|---|---|---|
| ബി.എസ്.ഇ.എസ്. | 1.06 | 2.85 | 3.91 |
| കെ.പി.സി.എൽ. | 1.19 | 3.25 | 4.44 |

ക്യാപ്റ്റീവ് പവർ പ്രോജക്റ്റുകളായ കുത്തുങ്കൽ, മണിയാർ പദ്ധതികളിൽ നിന്നും വൈദ്യുതി വാങ്ങേണ്ടിവരികയാണെങ്കിൽ അവർക്ക് അതാത് കാലത്ത് ബോർഡ് വിൽക്കുന്ന വൈദ്യുതിയുടെ വിലയാണ് നൽകേണ്ടത്.

(ഇ) ഈ വൈദ്യുതി പ്രത്യേകമായി അല്ല വിൽക്കുന്നത്. 2002-03-ലെ ശരാശരി വില്പന വില 2 രൂപ 75 പൈസയാണ്.

(എഫ്) ഇല്ല. സ്വകാര്യ സംരംഭകരുമായി ബോർഡ് ഒപ്പ് വെച്ചിട്ടുള്ള കരാർ പ്രകാരം ബോർഡിന് മാത്രമേ പ്രസ്തുത നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാൻ അവകാശമുള്ളു.

**കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി പ്രതീക്ഷിച്ച് കഴിയുന്ന ജലവൈദ്യുത പദ്ധതികൾ**

*556. ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. മത്തായി ചാക്കോ :

**ശ്രീ. കെ.വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എത്ര സ്വകാര്യ സംരംഭങ്ങളുണ്ട് ;

(ബി) ഇവയുടെ ആകെയുള്ള കപ്പാസിറ്റി എത്രയാണ് ;

(സി) ഈ സംരംഭങ്ങളിൽ നിന്നുള്ള വൈദ്യുതി സംസ്ഥാന വൈദ്യുതിബോർഡ് വിലയ്ക്കു വാങ്ങിയാണോ വിതരണം നടത്തുന്നത് ;

(ഡി) എങ്കിൽ എന്തുവിലയ്ക്ക് ;

(ഇ) ഈ വൈദ്യുതി എന്തു വിലയ്ക്കാണ് വിൽക്കുന്നത് ;

(എഫ്) പ്രസ്തുത സംരംഭങ്ങളിൽ നിന്ന് ആവശ്യക്കാർക്ക് വൈദ്യുതി നേരിട്ട് നൽകുവാൻ അനുവദിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

(എ) കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള/അനുമതി ആവശ്യമുള്ള ജലവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:-

1. മാങ്കുളം (40 മെഗാവാട്ട്)
2. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെ.വാ.)
3. ചേരി ഡൈവേർഷൻ സ്കീം (1.6 മില്യൺ യൂണിറ്റ്)
4. ആതിരപ്പള്ളി പദ്ധതി (163 മെ.വാ.)
5. തോട്ടിയാർ (40 മെ.വാ.)
6. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം (100 മെ.വാ.)
7. പൂയാംകുട്ടി പദ്ധതി (240 മെ.വാ.)
8. കുരിയാർകുട്ടി-കാരപ്പാറ (84 മെ.വാ)

(ബി) മേൽപ്പറഞ്ഞ പദ്ധതികളിൽ മാങ്കുളം, പള്ളിവാസൽ എക്സ്റ്റൻഷൻ, ചേരി ഡൈവേർഷൻ, തോട്ടിയാർ എന്നീ പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ/വിശദീകരണം 2003 മേയ്,ജൂൺ മാസങ്ങളിൽ സമർപ്പിച്ചിട്ടേയുള്ളു. ഇവ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

1. ആതിരപ്പള്ളി:- കേന്ദ്ര വനംവകുപ്പിന്റെ അനുമതി 4..2..2000-ൽ ലഭിച്ചു. പരിസ്ഥിതി വകുപ്പിന്റെ അന്തിമാനുമതി 20..1..1998-ൽ ലഭിക്കുകയുണ്ടായി. പക്ഷെ കോടതിവിധിയുടേയും പൊതുജനാഭിപ്രായത്തിന്റേയും അടിസ്ഥാനത്തിൽ ഈ അനുമതി (പരിസ്ഥിതി അനുമതി) കേന്ദ്രസർക്കാർ മരവിപ്പിക്കുകയുണ്ടായി.
2. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം:- 11.12 ഹെക്ടർ വനഭൂമിക്കുള്ള അന്തിമ അനുമതി 20.9.2001-ൽ ലഭിക്കുകയുണ്ടായി. പക്ഷെ സ്വകാര്യഭൂമിയായി കാണിച്ചിരുന്ന 1.65 ഹെക്ടർ ഭൂമി വനംവകുപ്പിന്റേതാണെന്നും അതിനുകൂടി അനുമതി വാങ്ങണമെന്നും വനംവകുപ്പ് നിർദ്ദേശിച്ചു. ഇതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

പൂയംകുട്ടി: വനം വിഭാഗത്തിന്റെ അനുമതിക്കായി 1987 മാർച്ചിൽ നൽകിയ അപേക്ഷ താഴെപ്പറയുന്ന സംഗതികൾ ഉന്നയിച്ച് 1991 ഡിസംബറിൽ നിഷേധിക്കുകയുണ്ടായി.

1. പ്രതികൂല പരിസ്ഥിതി ആഘാതം
2. വിശദമായ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടില്ല.

കുരിയാർകുറ്റി-കാരപ്പാറ:- കേന്ദ്ര വനംവകുപ്പിന്റെ അനുമതിക്കായി 1994 നവംബറിൽ നൽകിയ അപേക്ഷ 1998 നവംബറിൽ താഴെപ്പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി നിഷേധിക്കുകയുണ്ടായി:

1. കേരള സംസ്ഥാന വനംവകുപ്പിന്റെ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുകൂലമല്ലാത്ത കുറിപ്പും സർട്ടിഫിക്കറ്റും
2. ആ മേഖലയിലെ വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് .
3. വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തിയിട്ടില്ലാത്തതിനാൽ.

ഇതേത്തടർന്ന് പരിസ്ഥിതി പഠനം നടത്തി 1999 ഡിസംബറിൽ വീണ്ടും അപേക്ഷ സമർപ്പിച്ചു. പക്ഷെ 2001 മെയ് മാസത്തിൽ മുകളിൽ പറഞ്ഞ ആദ്യത്തെ രണ്ടു കാരണങ്ങളും കൂടാതെ മൂന്നാമത്തെ കാരണമായി 'മുൻപു സമർപ്പിച്ച പദ്ധതി രൂപരേഖയിൽ നിന്നും യാതൊരു മാറ്റവും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ' വീണ്ടും അനുമതി നിഷേധിക്കുകയുണ്ടായി.

(സി) 1. വിശദമായ പരിസ്ഥിതി ആഘാത പഠനം നിഷ്ക്കർഷിച്ചിരുന്ന പദ്ധതികളുടെ വിശദമായ പരിസ്ഥിതി പഠനം നടത്തുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

2. അനുമതി നിഷേധിക്കുവാൻ ഉണ്ടായ മറ്റു കാരണങ്ങളിൻമേൽ ഉചിതമായ പരിഹാര നടപടികൾ കൈക്കൊള്ളുകയുണ്ടായി.

(ഡി) 1. മാങ്കുളം:- കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ളിയറൻസും, പരിസ്ഥിതി ക്ളിയറൻസും ലഭിക്കേണ്ടതുണ്ട്.

2.പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം:- കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി ലഭിക്കേണ്ടതുണ്ട്.

3. ചേരി ഡൈവേർഷൻ: കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ളിയറൻസ് ലഭിക്കേണ്ടതുണ്ട്.
4. ആതിരപ്പള്ളി:- കേന്ദ്ര മന്ത്രാലയത്തിന്റെ പരകിസ്ഥിതി ക്ളിയറൻസ് ലഭിക്കേണ്ടതുണ്ട്. കൂടാതെ പുതുക്കിയ പദ്ധതി രൂപരേഖയ്ക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (സി.ഇ.എ.) ടെക്നോ-ഇക്കണോമിക് ക്ളിയറൻസും ലഭിക്കേണ്ടതുണ്ട്.
5. തോട്ടിയാർ:- കേന്ദ്ര മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ളിയറൻസ് ലഭിക്കേണ്ടതുണ്ട്.
6. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം: 1.65 ഹെക്ടർ വനഭൂമിക്കുള്ള ഫോറസ്റ്റ് ക്ളിയറൻസ് ലഭിക്കേണ്ടതുണ്ട്.
7. പൂയംകുട്ടി:- കേന്ദ്ര മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ളിയറൻസും, പരിസ്ഥിതി ക്ളയറൻസും ലഭിക്കേണ്ടതുണ്ട്. കൂടാതെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ടെക്നോ ഇക്കണോമിക് ക്ളിയറൻസും ലഭിക്കേണ്ടതുണ്ട്.
8. കുരിയാർകുട്ടികാരപ്പാറ:- കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ളിയറൻസും, പരിസ്ഥിതി ക്ളിയറൻസും ലഭിക്കേണ്ടതുണ്ട്. കൂടാതെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ടെക്നോ ഇക്കണോമിക് ക്ളിയറൻസും ലഭിക്കേണ്ടതുണ്ട്.

(ഇ) മുകളിൽ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾ പ്രാവർത്തികമാകുംപോൾ സ്ഥാപിത ശേഷിയിൽ 727 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടാകും.

## കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം

*557. ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് വൈദ്യുതിബോർഡ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനായി ആവിഷ്ക്കരിച്ചതും, നടപ്പാക്കിയതുമായ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ബോർഡിന്റെ ബില്ലിംഗ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ ; ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നാണ് ഓഫർ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓപ്പറേറ്റിംഗ് സിസ്റ്റം തെരഞ്ഞെടുക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളുമായാണ് നെഗോഷിയേഷൻ നടത്തിയത്; ഇതിൽനിന്നും ലീനക്സ് ഫ്രീ സോഫ്ട്വെയർ സ്ഥാപനത്തെ ഒഴിവാക്കിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) വാണിജ്യ താൽപ്പര്യമുള്ള ബഹുരാഷ്ട്ര കമ്പനികളുമായി മാത്രം നെഗോഷിയേഷനും ചർച്ചയും നടത്തിയത് മറ്റു ചില താത്പര്യങ്ങളുടെ പേരിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് എ.ഡി.ബി.യിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഉപദേശമോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ ;

(ജി) എം.ജി.പി. അനുസരിച്ച് കമ്പ്യൂട്ടർവൽക്കരണം, നവീകരണം, പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങലിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളും വികസന പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)** :

(എ) ഉണ്ട്. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കുള്ള ബില്ലിംഗ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചു.

2. ബോർഡിന്റെ എട്ട് ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ആഫീസുകളിൽ ബില്ലിംഗും കളക്ഷനും കമ്പ്യൂട്ടർവത്ക്കരിച്ചു.

ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതി കെ.എസ്.ഇ.ബി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യപടിയായി കോർപ്പറേഷൻ ഏരിയായിൽ വരുന്ന എൺപതു സെക്ഷനുകളുടെ കമ്പ്യൂട്ടർവത്ക്കരണ നടപടികൾ പൂർത്തിയായിവരുന്നു. ഇതിനാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുകഴിഞ്ഞു. സെപ്റ്റംബർ മാസത്തോടുകൂടി ഈ സെക്ഷനുകളുടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള എല്ലാ ഡിസ്ട്രിബ്യൂഷൻ ഓഫീസുകളുടേയും കമ്പ്യൂട്ടർവത്ക്കരണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. ബോർഡിലെ കൊമേഴ്സ്യൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ചെയർമാനും, എം.ഐ.സ് ഡയറക്ടർ കൺവീനറുമായ ഒരു കോർ കമ്മിറ്റി ബോർഡിലെ ബില്ലിംഗ് വിഭാഗം കമ്പ്യൂട്ടർവത്ക്കരണത്തെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. '80' സെക്ഷൻ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ളൈ ചെയ്യുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഓഫർ സമർപ്പിച്ചിരുന്നു.

1. ഐ.റ്റി.ഐ. ബാംഗ്ളൂർ
2. സി.എം.സി.ലിമിറ്റഡ്, തിരുവനന്തപുരം
3. ബി.പി.എൽ. തിരുവനന്തപുരം
4. കെൽട്രോൺ, തിരുവനന്തപുരം

ഇതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ഓഫർ സമർപ്പിച്ച ബി.എം.സി. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഓർഡർ കൊടുത്തു.

ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാബേസ് സോഫ്റ്റ് വെയറും വാങ്ങുന്നതിനായി മൈക്രോ സോഫ്റ്റിന്റെ അംഗീകൃത റീസെല്ലേഴ്സിൽ നിന്നും ടെൻഡർ ക്ഷണിച്ചു. താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഓഫർ സമർപ്പിച്ചിരുന്നു.

1. വിപ്രോ ഇൻഫോടെക്
2. എച്ച്.സി.എൽ.
3. സി.എം.സി. ലിമിറ്റഡ്.

ഇതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ഓഫർ സമർപ്പിച്ച സി.എം.സി. ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഓർഡർ കൊടുത്തു. മൈക്രോസോഫ്റ്റ് കമ്പനി അവരുടെ ഉൽപ്പന്നങ്ങൾ അംഗീകൃത റീസെല്ലേഴ്സ് മുഖേന മാത്രമേ വിൽപ്പന നടത്താറുള്ളു.

(ഡി) ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാബേസ് സോഫ്റ്റ് വെയറും തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങലുടെ ഓഫറുകളാണ് പരിഗണിച്ചത്.

1. മൈക്രോസോഫ്റ്റ്
2. ഒറക്കിൾ കോർപ്പറേഷൻ
3. ഐ.ബി.എം.
4. റെഡ്ഹാറ്റ് ലിനക്സ്
5. കാൾഡിറ ലിനക്സ്

ഇതിൽ നിന്നും സാങ്കേതിക മികവ്, താരതമ്യേന കുറഞ്ഞ സാമ്പത്തിക ബാദ്ധ്യത, ടെക്നിക്കൽ സപ്പോർട്ട് തുടങ്ങിയവ പരിഗണിച്ച് മൈക്രോസോഫ്റ്റിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാബേസ് സോഫ്റ്റ്വെയറും തെരഞ്ഞെടുത്തു. മേൽപ്പറഞ്ഞ ഓഫറിൽ ലിനക്സ് ഫ്രീ സോഫ്റ്റ്വെയർ സ്ഥാപനങ്ങളായ റെഡ്ഹാറ്റ് ലിനക്സും കാൾഡിറ ലിനക്സും സമർപ്പിച്ച നിരക്കുകൾ മറ്റ് ഓഫറുകളുമായി താരതമ്യം ചെയ്യുമ്പോൾ ബോർഡിന് താരതമ്യേന ഉയർന്ന സാമ്പത്തിക ബാദ്ധ്യത ഉളവാക്കുന്നതായി കണ്ടതിനാലാണ് ഇവയെ ഒഴിവാക്കിയത്.

(ഇ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്ന ഒരു ഔദ്യോഗിക വിശദീകരണം പത്രദ്വാരാ പ്രസിദ്ധീകരിച്ചിരുന്നു. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).

(എഫ്) ഇല്ല.

(ജി) വൈദ്യുതി ബോർഡിൽ നടക്കുന്ന കമ്പ്യൂട്ടർവത്ക്കരണം, നവീകരണം, പുനരുദ്ധാരണം എന്നിവ എം.ജി.പി. അനുസരിച്ചുള്ള പദ്ധതികളല്ല.

## 'തീരസമൃദ്ധി' പദ്ധതി

*558. ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനായി 'തീരസമൃദ്ധി' പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) തീരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) തീരസമൃദ്ധി പദ്ധതി ഏതൊക്കെ ജില്ലയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി) :**

(എ) 'തീരസമൃദ്ധി' പദ്ധതി ഫിഷറീസ് വകുപ്പ് ഈ കൊല്ലം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗൃഹശുചീകരണം, പരിസര ശുചീകരണം, സാമൂഹ്യ സഹകരണത്തോടെയുള്ള ശുദ്ധജല വിതരണം, മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ നവീകരണം എന്നിവയ്ക്കായി 18.75 കോടി രൂപയുടെ പദ്ധതി ഇപ്പോൾ വിവിധ ഘട്ടങ്ങളിൽ പൂർത്തിയായി വരുന്നു. കേന്ദ്രസർക്കാരിന്റെ പ്രത്യേക സഹായത്തോടെയാണ് (അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. 15 കോടി രൂപ സർക്കാർ വിഹിതവും 3.75 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടെ ഗുണഭോക്തൃ വിഹിതവുമാണ്.

(സി) തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 'തീരസമൃദ്ധി' പദ്ധതി അനുസരിച്ച്, ലസാമൂഹ്യ സഹകരണത്തോടെ മിനി ജലവിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. കുഴൽ കിണർ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ 5 സെന്റ്സ്ഥലം സ്വന്തം ചെലവിൽ കണ്ടെത്തണം. യൂണിറ്റ് ഒന്നിന് 25 ലക്ഷം രൂപയാണ് ചെലവ്. 5 ലക്ഷം രൂപ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതമാണ്. ഇതിൽനിന്നും 50,000/-രൂപ 5 സെന്റ് സ്ഥലം കണ്ടെത്തുന്നതിനും 4.5 ലക്ഷം രൂപ നിർമ്മാണ ചെലവിനുമാണ്. ബാക്കി 20 ലക്ഷം രൂപ ഫിഷറീസ് വകുപ്പ് വഹിക്കും..

(ഡി) തിരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്,, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലാണ് നടപ്പാക്കിവരുന്നത്.

(ഇ) 2002-03 വർഷത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചില ജില്ലകളിൽ ചെറിയ ചില ഘടകങ്ങൾ പൂർത്തിയാക്കാനുണ്ട്.

**പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിരോധനം**

*559. ശ്രീ. ടി. കെ. ബാലൻ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. ചി.പി. രാമകൃഷ്ണൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും പവർ അലോക്കേഷനും സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; നിരോധനം ഏർപ്പെടുത്തുന്നതിനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ;

(സി) വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് നിരോധനം ബാധകമാണോ ;

(ഡി) നിരോധനം എന്നത്തേക്ക് പിൻവലിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം വൈദ്യുതി നൽകുവാനുള്ള സ്ഥാപിതശേഷി സംസ്ഥാനത്ത് ഉണ്ടായിട്ടും അത് പൂർണ്ണമായി പ്രയോജനപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

(എ) (ബി) (സി) &(ഡി) നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ഓരോ വർഷവും ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനനുസരിച്ചാണ് നോർമൽ പ്രയോറിറ്റിയിലുള്ള കണക്ഷൻ കൊടുക്കുന്നതിനുള്ള ടാർജറ്റ് നിശ്ചയിക്കുന്നത്. ടാർജറ്റിനു പുറമെ വരുന്ന കണക്ഷനുകൾ ഒ.വൈ.ഇ.സി. പ്രകാരം നൽകുന്നുണ്ട്.

**ബഡ്ജറ്റിൽ തുക വകയിരുത്താതെ പണിനടത്തിയ ജലസേചന പദ്ധതികൾ**

*560. ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ടി. എച്ച്. മുസ്തഫ :

ശ്രീ. കെ. മോഹൻകുമാർ :

ശ്രീ. കെ. ബാബു :

ശ്രീ. ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ തുക വകയിരുത്താതെ വൻകിട/ഇടത്തരം ജലസേചന പദ്ധതികലുടെ പണി ആരംഭിച്ച സംഭവം മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളുടെ പണിയാണ് ഇപ്രകാരം നടത്തിയിട്ടുള്ളത് ;

(സി) ഇപ്രകാരം പണിനടത്തിയ വകയിൽ പ്രസ്തുത കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

**<u>ഉത്തരം</u>**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :**

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

## <u>എനർജി ആഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി</u>

561. ശ്രീ. എ. സുജനപാൽ
ശ്രീ. എം.എ. ചന്ദ്രശേഖരൻ
ശ്രീ. എ.പി. അനിൽകുമാർ
ശ്രീ. എം.പി. ഗംഗാധരൻ
ശ്രീ. വി.ജെ പൗലോസ് : തുാഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ര്ഥാന വൈദ്യുതിബോർഡ് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും വിലയ്ക്കുവാങ്ങുന്ന വൈദ്യുതിയുടെയും അക്കൗണ്ടിംഗ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ലവലിൽ എപ്രകാരം എന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് എനർജി ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഉദ്ദെശ്യമുണ്ടൊ ?

(എ) ഉണ്ട്.

(ബി) ജനറേഷൻ ലാഭകേന്ദ്രം, ട്രാൻസ്മിഷൻ ലാഭകേപ്ദ്രം, ഡിസ്ട്രിബ്യൂഷൻ ലാഭകേന്ദ്രം എന്നീ ലവലുകളിൽ അക്കൗണ്ടിംഗ് നടത്തുന്നുണ്ട്. വൈദ്യുതിബോർഡിന്റെ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദയുതി അവിടെത്തന്നെ മീറ്റർ വച്ച് അളവ് രേഖപ്പെടുത്തുന്നുണ്ട്. സ്വതന്ത്ര വൈദ്യുതി ഉല്പാദകരിൽനിന്നും കേന്ദ്ര പൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതി പ്രത്യേകമായി മീറ്റർ ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

## <u>ഡിടി.പി.സികൾക്കുള്ള വരവിനങ്ങൾ</u>

562..പ്രൊഫ. സാവിത്രി ലക്ഷ്മണൻ
ശ്രീ. വി. ബാലറാം
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ
ശ്രീ. വർക്കല കഹാർ
ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങളക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഡി.ടി.പി.സികൾക്കുള്ള വരവിനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവയ്ക്ക് ഗവൺമെന്റിൽ നിന്നും എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്;

(സി) അവയ്ക്ക് സ്വന്തമായ വരവിനങ്ങൾ ഉണ്ടൊ;

(ഡി) ഡി.ടി.പി;സികളുടെ സ്വതന്ത്ര നിലനിൽപ്പിനാവശ്യമായ സാമ്പത്തിക സഹായം അവർക്ക് നൽകുമോ ?

**<u>ഉത്തരം;</u>**

**പ്രൊഫ.കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ബോട്ടിംഗിലൂടെയും ബോട്ട്ജെട്ടികളിൽ നിന്നും ലഭിക്കുന്ന വരുമാനം, പാരക്കുകളിലെ പ്രവേശന ടിക്കറ്റ്, കാർ പാർക്കിംഗ് വഴി ലഭിക്കുന്ന വരുമാനം, ഡി.ടി.പി.സിയുടെ പദ്ധതികൾ ലീസിന് നൽകുന്നതിലൂടെയുള്ള പാട്ട വരുമാനം, റസ്റ്റോറന്റ്, വഴിയോര വിശ്രമകേന്ദ്രം എന്നിവ നടത്തുതിലൂടെയുള്ള വരുമാനം, ഇവയാണ് ഡി.ടി.പി.സി.കളുടെ പ്രധാന വരവിനങ്ങൾ.

(ബി) ഉണ്ട്. അടിസ്ഥാന സൗകര്യങ്ങളായ ബോട്ടുജെട്ടികൾ, പേ ആന്റ് യൂസ് ടോയ്‌ലറ്റ് നിർമ്മാണം, ശുചീകരണ പ്രവർത്തനങ്ങൾ പൈതൃകം, സംസ്ക്കാരം എന്നിവയുടെ സംരക്ഷണ്ം

ടൂറിസം ക്ളബുകളുടെ ഏകോപനം, ടൂറിസം ബോധവത്ക്കരണം എന്നീ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഡി.ടി.പി.സികളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയാക്കുമ്പോൾ മാത്രമേ ഇക്കാര്യത്തിൽ എന്തു ചെയ്യ്ാന പറ്റും എന്നു പറയാൻ സാധിക്കുകയുള്ളു.

**ആദിവാസി മേഖലകളിൽലേയ്ക്കുള്ള കുടിയേറ്റം**

563. ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. കെ. നാരായണക്കുറുപ്പ്
ശ്രീ. റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആദിവാസികളുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഗണിക്കാനും നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമേ.;

(ബി) ഇതര വിഭാഗക്കാരുടെ കുടിയേറ്റം മൂലം ആദിവാസിമേഖലകളിലുണ്ായിട്ടുള്ള പ്രശ്നങ്ങളെപ്പറ്റി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങള അറിയിക്കുമോ;

(ഡി) ആദിവാസിമേഖലകളിലേയക്കുള്ള കുടിയേറ്റംമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:**

**ഡോ.എം.എ. കുട്ടപ്പൻ (പിന്നോക്കപട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) ആദിവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കേരള സർക്കാരിന്റെചുമതലയിൽ കിർത്താഡ്സ് എന്ന സ്ഥാപനം നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള എസ്.റ്റി. പ്രൊമോട്ടർമ.ർ പട്ടിക വർഗ്ഗ വികസന വകുപ്പുദ്യൊഗസ്ഥൻമാർ, സംസ്ഥാന ഉപദേശക ബോർഡ് അംഗങ്ങൾ താമസിക്കുന്ന പ്രദേശത്തെ എം.എൽ.എ.മാർ, എം.പി.മാർ എന്നിവർആദിവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്.. ആദിവാസി ഭൂമി വതരണം പ്രശ്നം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും പഠിക്കുന്നതിനും പരിഹരിക്കുന്നതിനും ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ആദിവാസി മേഖലകളിലേയ്ക്കുള്ള കുടിയേറ്റം മൂലം ആദിവാസികളുടെ ഭൂമി ഗൺ്യമായി അന്യാധീനപ്പെട്ടുകഴിഞ്ഞു. ഇങ്ങനെ നഷ്ടപ്പെട്ടഭൂമി തിരിച്ചെടുക്കുന്നതിനുള്ള നിയമം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞില്ല. വകുപ്പുദ്യൊഗസ്ഥൻമാർ, സന്നദ്ധ സംഘടനകൾ ആദിവാസി വിഭാഗങ്ങളിലെ സന്നദ്ധ റപവർത്തകർ എന്നിവല്ർ മുഖേന ഭൂമി അന്യാധീനപ്പെടുത്തുന്നതിനെതിരെ ജാഗരൂകരായിരിക്കാൻ വ്യാപകമായ പ്രചരണം നടത്തിവരുന്നുണ്ട്. ഇതോടൊപ്പം ഭൂരഹിതരായവർക്ക് ഭൂമിയുടെ ലഭ്യത അനുസരിച്ച് 1 ഏക്കർ മുതൽ ഭൂമി വിതരണം ചെയ്യുന്നതിനും ഭൂമിയില ഭവന നിർമ്മാണം ശുദ്ധജലവിതരണം, വൈദ്യുതീകരണം റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണം തുടങ്ങിയ വികസനപ്രവർത്തനങ്ങളും ഭൂമി കൃഷി ചെയ്ത് സുസ്ഥിര വരുമാനവു് ജീവനോപാധിയും ഉണ്ടാക്കുന്നതുവരെ തൊഴിൽ ഉറപ്പുപദ്ധതി പ്രകാരം ഉള്ള പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഭൂമി കൈമാറുന്നത് നിയമം മൂലം വിലക്കിയിട്ടുണ്ട്.

ഇനിയും ഭൂമി അന്യാധീനപ്പെടുന്നത് കർശനമായി തടയുന്നതിന് ആദിവാസികൾക്ക് മാത്രം പങ്കാളിത്തമുള്ള ഊരുകൂട്ടണങ്ങൾ നിയമാനുസൃതമായി രൂപീകരിച്ച് ആദിവാസി മേഖലയിൽ കുടുംബശ്രീ മാതൃകയിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ ഉദ്ദെസിച്ച് പ്രത്യേകമായി മേന്മയേറിയ വിദ്യാഭ്യാസം പിന്നോക്കക്കാരിൽ എത്തിക്കുന്നതിനും ഈ പദ്ധതിയെുട ഭാഗമായി വിപുലമായ ബോധവത്ക്കരണവും സാമൂഹ്യപ്രവർത്തകരുടെ ഇടപെടലും ഉണ്ടാക്കി അന്യാധീനപ്പെടൽ പൂർണ്ണമായു് തടയാൻ ഉദ്ദേശിക്കുന്നു.

**കാലപ്പഴക്കം ചെന്നഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച പഠനം**

564.ശ്രീ. സാജു പോൾ

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ
ശ്രീ. പി ജയരാജൻ
ശ്രീ.മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കാലപ്പഴക്കം ചെന്ന ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടുവാനുള്ള തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശം ഈ ഡാമിന്റെ സുരക്ഷയെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുന്നുണ്ടോ;

(ഡി) നിയമനിർമ്മാണം എന്നത്തേക്ക നടത്തുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) & (ബി) : ഉണ്ട്. മുല്ലപ്പെരിയാല്ർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട് നൂറുവർഷത്തിലധികം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ജലസംഭരണിയിലെ ജലവിതാനം +136 അടിയിൽ കൂടുതൽ ഉയർത്തിയാലുണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് വിശദമായി പഠിച്ച് വിലയിരുത്തുവാൻ 1996-97-ൽ കേരള ഗവൺമെന്റ് നിയോഗിച്ച് രണ്ടംഗ സാങ്കേതിക വിദഗ്ദ്ധ കമ്മിറ്റി സർക്കാരിനു സമർപ്പിച്ച മൂന്നു റിപ്പോർട്ടുകളിലും മുല്ലപ്പെരിയാർ ഡാം അതിന്റെ ദേഷരഹിതമായ ആയുസ് മുഴുവൻ പിന്നിട്ടുകഴിഞ്ഞതായും ടി ഡാമിൽ നടത്തിയിട്ടുള്ള ബലപ്പെടുത്തൽ പണികൾ അപര്യാപ്തമാണെന്നും ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ജലനിരപ്പ് +136 അടിയിലോ അതിന് താഴെയോ നിറുത്തേണ്ടതാണെന്നും നിർദ്ദെശിച്ചിട്ടുണ്ട്.. 13.06.1998 ൽ തിരുവനന്തപുരത്ത് നടന്ന ചർച്ചയിൽ എടുത്ത തീരുമാനപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം സംബന്ധിച്ച സാങ്കേതിക വശങ്ങൾ പഠിക്കുവാൻ കേരള തമിഴ്നാണ് സർക്കാരുകൾ പ്രത്യേകം പ്രത്യേകം രൂപവത്ക്കരിച്ച സാങ്കേതിക വിദഗ്ദ്ധ കമ്മിണ്റ്റികൾ തയ്യാറാക്കിയ റിപ്പോർട്ടുകള 1999- ഡിസംബറിൽ ഇരു സംസ്ഥാനങ്ങളും പരസ്പരം കൈമാറുകയുണ്ടായി. കേരളത്തിലെ സാങ്കേതിക വിദഗ്ദ്ധകമ്മിറ്റി റിപ്പോല്ർട്ടിൽ മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് +136 അടിക്ക് മുകളിൽ ഉയർത്തുന്നത് ഡമാനി് സുരക്ഷിതമല്ലെന്നാണ് അഭിപ്രായപ്പെട്ടിരുന്നത്.

കേരളത്തിലുണ്ടായ ഭുചലനങ്ങൾ മുല്ലപ്പെരിയാർ അണക്കെട്ടിനെ എങ്ങനെ ബാധിക്കുമെന്ന് പഠിക്കുന്നതിനായി ഭൗമശാസ്ത്ര പഠനകേന്ദ്രം (സെസ്) ഡയറക്ടർ ഡോ. ബാബ അദ്ധ്യക്ഷനായ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിലും ഡാമിന്റെ നില സുരക്ഷിതമല്ലെന്ന അഭിപ്രായമാണുള്ളത്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെക്കുറിച്ച് പഠനം നടത്താൻ കേന്ദ്ര ജലവിഭവ മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സമിതി സുപ്രീംകോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൻമേൽ കേരള സർക്കാർ ഫയൽ ചെയ്ത അഡീഷണൽ സത്യവാങ്മൂലത്തിലും ഇതേ അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി ജലനിരപ്പുശേഷി നിലവിലുള്ള +136 അടിയില നിന്ന് ഉയർത്തുവാനുള്ള യാതൊരു നടപടികളും ഉണ്ടാകരുതെന്ന് കേരള നിയമസഭ 2001 ഡിസംബർ 7-ാം തീയതി അംഗികരിച്ച ഉപക്ഷേപത്തിലൂടെ കേന്ദ്ര സംസഥാന സർക്കാരുകളോട് ഏകകണ്ഠമായി അഭ്യർത്ഥിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയും ഡാമിന്റെ താഴ്ന്ന ഭാഗങ്ങളിലുള്ള ജനങ്ങളുടെ രക്ഷയും ഉറപ്പാക്കുന്നതിന് ഡാം ബലപ്പെടുത്തൽ നടപടികൾ പൂർത്തികരിച്ചാലും അണക്കെട്ടിലെ ജലനിരപ്പ് +136 അടിയിൽ നിന്ന് ഉയർത്തേണ്ടതില്ലെന്നാണ് കേരള സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ നടന്നുവരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനാണ് ഉദ്ദെശിക്കുന്നത്.

## വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ്, ഓർഗനൈസേഷൻ മുതലായവയെപ്പറ്റി പഠനം

565.ശ്രീ. എം.എ. ചന്ദ്രശേഖരൻ
ശ്രീ. എ. സുജനപാൽ
ശ്രീ. എ.പി. അനിൽകുമാർ
ശ്രീ. എം.പി ഗംഗാധരൻ
പ്രൊഫ. എ.ഡി. മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്നത്തെപ്പറ്റിയും അതിന്റെ മാനേജ്മെന്റ്, ഓർഗനൈസേഷൻ മുതലായവയെപ്പറ്റിയും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ബോർഡിന്റെ പ്രസ്തുത അവസ്ഥയെപ്പറ്റി ഇത്തരത്തിലുള്ള പഠനം നടത്തുന്നത് ആശാസ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബോർഡിന്റെ ചെലവുകുറയ്ക്കാനും എഫിഷ്യൻസി വർദ്ധിപ്പിക്കുവാനും ഇതു സഹായിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

1. 1997-ൽ കനേഡിയൻ ഇൻറർ നാഷണൽ ഡവലപ്മെൻറ് ഏജൻസി.
2. 2001-ൽ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ, ഹൈദരാബാദ്
3. 2002-ൽ എ.ഡി.ബി.യുടെ കൺസൾട്ടന്റ് ആയ ക്രിസിൽ ,നെക്സന്റ്.

(ബി) കരുതുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) കരുതുന്നുണ്ട്.

(ഇ) ബാധകമല്ല.

## നദീതട പഠനം

566. ശ്രീ.ഡി.സുഗതൻ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ

ശ്രീ. വി.ഡി സതീശൻ

ശ്രീ. ടി.യു. രാധാകൃഷ്ണൻ

ശ്രീ. ടി.വി. ചന്ദ്രമോഹൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നദീതട പഠനം നടത്താൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം നദീതടത്തെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഓരോ നദിയിലും ലഭ്യമായ ജലം, അവയുടെ ജലവിനിയോഗം നദികളെ അധികരിച്ചുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത മുതലായവയെപ്പറ്റി പഠനം നടത്തുന്നുണ്ടോ;

(ഡി) പ്രസ്തുത പഠനം നടത്തുന്നത് ഏത് ഏജൻസിയാണെന്ന് പറയുമോ;

(ഇ) എത്ര കാലത്തിനുള്ളിൽ ഈ പഠനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ടിഎം.ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) ഡ്രൈനേജ് നെറ്റവർക്ക്,ഡ്രൈനേജ് ഡെൻസിറ്റി, വാട്ടർഷെഡ് ബൗണ്ടറി, സോയിൽ സ്ലോപ്പ്, ലാൻഡ്യൂസ്, ജിയോമോർഫോളജി, അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറി, ഡിജിറ്റൽ ടെറൈൻ മോഡൽ ഇറിഗേറ്റഡ് ഏരിയാസ്, ഇറോഷൻ പ്രോൺ ഏരിയ, വാട്ടർ ലോഗ്ഡ് ഏരിയ, ഫ്ളഡ് പ്രോൺ ഏരിയ, റിവർ ബേസിൽ ഡാറ്റാബേസ് എന്നിവയെക്കുറിച്ചാണ് പഠനം നടത്താൻ ഉദ്ദെസിക്കുന്നത്.

(സി) ഉണ്ട്. ചാലിയാര നദീതടത്തെപ്പറ്റിയും പെരിയാർ നദീതടത്തെപ്പറ്റിയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നെയ്യാർ, പമ്പ-അച്ചൻകോവിൽ, ഭാരതപ്പുഴ, കല്ലട, ഇത്തിക്കര, നദീതടങ്ങളെപ്പറ്റി പഠിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ചാലിയാർ നദീതടത്തെപ്പറ്റി പഠനം നടത്തിയത് ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ചേരിയാണ്. പെരിയാർ നദീതടത്തെപ്പറ്റി പഠനം നടത്തിയത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എറണാകുളമാണ്. എന്നാൽ നെയ്യാറിനെയും പമ്പ-അച്ചൻകോവിൽ നദികളെയും പറ്റി പഠനംന്നടത്തുന്നത് ജലസേചന വകുപ്പും തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററും (കെ.എസ്.ആർ.ഇ.സി) ചേർന്നാണ്.

(ഇ) നെയ്യാറിനെക്കുറിച്ചുള്ള പഠനം ഈ സാമ്പത്തികവർഷം പൂർത്തിയാക്കാൻ ഉദ്ദെസിക്കുന്നു. പമ്പ-അച്ചൻകോവിൽ നദീതടങ്ങളെക്കുറിച്ചുള്ള പഠനം 2004-05 ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

## സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ

567. ശ്രീ. പി.ടി. തോമസ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ് തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ അവരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുള്ളവരാണോ;
(ബി) അവരവരുടെ അധികാരപരിധിയിൽ വൈദഗ്ദ്ധ്യത്തോടുകൂടി ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ള എത്ര വിദഗ്ദ്ധർ വൈദ്യുതിബോർഡിന്റെ മാനേജ്മെന്റ് കേഡറുകളിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ;
(സി) സംസ്ഥാന വൈദ്യുത ബോർഡിൽ മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കുകയോ കൺസൾട്ടന്റുമാരായി വയ്ക്കുകയോ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)**

(എ) & (ബി) : അവരവരുടെ കഴിവുകളനുസരിച്ച് വൈദഗ്ദ്ധ്യം തെളിയിച്ചവരാണ്. എത്രപേരുണ്ടെന്നകാര്യത്തിൽ പ്രത്യേകമായി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.
(സി) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

## കർഷകർക്കും കർഷക സംഘങ്ങൾക്കും ആവശ്യാനുസരണം ജലലഭ്യത ഉറപ്പുവരുത്താൻ നടപടി

568. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ഡോ. തോസ് ഐസക്
ശ്രീ. മത്തായി ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൃഷിയുടെ ഏറ്റവും നിർണ്ണായക ഘടകമായ ജലസേചനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ആധാരമായ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;
(ബി) കർഷകർക്കും അവരുടെ സംഘങ്ങൾക്കും യഥാസമയം ജലം ലഭ്യമാക്കുന്നതിന് ഇപ്പോൾ കഴിയുന്നുണ്ടോ;
(സി) വിളകളുടെ ആവശ്യാനുസരണം കർഷകർക്കും സംഘങ്ങൾക്കും ജല ലഭ്യത ഉറപ്പുവരുത്താൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;
(ഡി) ജലസേചന പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടും പ്രവർത്തിപ്പിക്കത്തവ ഏതൊക്കെയാണ്;
(ഇ) ജലസേചന പദ്ധതികളിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാതെ പോയവ ഏതൊക്കെയാണെന്ന് വിശദമാക്കമോ ?

**ഉത്തരം**
**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്
(ബി) ജലലഭ്യതയനുസരിച്ച് യഥാസമയം പരമാവധി ജലം എത്തിക്കുന്നതിന് പദ്ധതികൾക്ക് ഏറെക്കുറെ കഴിയുന്നുണ്ട്.
(സി) ലൈനിംഗ് ചെയ്യാത്ത കനാലുകളിലെ സീപ്പേജ്മൂലവും, ഫണ്ടിന്റെ അപര്യാപ്തത കാരണം അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാൻ സാധിക്കാത്തതിനാലും വാലറ്റം പ്രദേശങ്ങളിൽ വിളകളുടെ ആവശ്യാനുസരണം ജലലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല. ബാക്കി പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.
(സി) ഒന്നും തന്നെയില്ല.
(ഇ) കാഞ്ഞിരപ്പുഴ പദ്ധതിയിൽ പ്രതീക്ഷിച്ച നേട്ടം കൈവരിച്ചിട്ടില്ല. ബാക്കിയുള്ള വൻകിട പദ്ധതികൾ ഉദ്ദേശിച്ച നേട്ടമുണ്ടാക്കിയിട്ടുണ്ട്.

## ഗ്രാമീണമേഖലയിൽ മത്സ്യ കൃഷി ആരംഭിക്കുന്നതിന് പ്രോത്സാഹനം

569 ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണമേഖലയിൽ മത്സ്യ കൃഷി ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങൾ നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൃത്രിമ കുളങ്ങളുണ്ടാക്കി മൽസ്യകൃഷി ആരംഭിക്കാൻ സർക്കാർ സഹായം നൽകുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) ഗ്രാമീണമേഖലയിൽ മത്സ്യ കൃഷി ആരംഭിക്കുന്നതിന് താഴെ പറയുന്ന പ്രോത്സാഹനങ്ങൾ അതാത് ജില്ലകളിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക വികസന ഏജൻസികൾ മുഖാന്തിരം നൽകി വരുന്നു :

1. മത്സ്യ കർഷകർക്ക് കുളങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 40,000/രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 50,000/ രൂപയും മലംപ്രദേശങ്ങളിൽ 37,500/ രൂപയും സബ്സിഡി നൽകുന്നു.
2. കുളങ്ങൾ അഥവാ ടാങ്കുകൾ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 12,000/ രൂപ വരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ഹെക്ടറിന് പരമാവധി 15,000/ രൂപയും നൽകുന്നു.
3. മത്സ്യ വിത്ത്, മത്സ്യാഹാരം, വളങ്ങൾ എന്നിവ വാങ്ങുന്നതിന് പരമാവധി 6000/ രൂപ നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 15,000/- രൂപയും നൽകുന്നു.
4. റണ്ണിംഗ് വാട്ടർ ഫിഷ്കൾച്ചറിനായി 4,000/- രൂപ വരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 5000/ രൂപ വരെയും നൽകുന്നു.
5. എയറേറ്ററുകൾ വാങ്ങുന്നതിന് ധനസഹായം 12,500/- രൂപ വരെ നൽകുന്നു.
6. സംയോജിത മത്സ്യ കർഷകർക്കുളള ധനസഹായം ഹെക്ടറിന് പരമാവധി 18,000/- രൂപ വരെയും വരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ഹെക്ടറിന് പരമാവധി 20,000/ രൂപയും നൽകുന്നു.
7. ആറ്റു കൊഞ്ച്, ഫിൻഫിഷ് എന്നിവയുടെ ഹാച്ചറികൾ സ്ഥാപിക്കുന്നതിനുളള ധനസഹായം 80,000/ രൂപ വരെ നൽകുന്നു.
8. ഫിഷ്മീൽ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.
9. അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് ഹാച്ചറി ഉൾപ്പെടെ 1,50,000/ രൂപ വരെ നൽകുന്നു.

(ബി) മത്സ്യക്കുളങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 40,000/ രൂപ വരെ സബ്സിഡി നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 50,000/ രൂപ, മലംപ്രദേശങ്ങളിൽ ഇത് യഥാക്രമം 37,500/ , 46,875/ രൂപ എന്നിങ്ങനെ നൽകുന്നു. കുളങ്ങൾ അഥവാ ടാങ്കുകൾ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി രൂപ 12,000/ വരെ നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 15,000/ രൂപ.

## ഡാം സേഫ്റ്റി ഓർഗനൈസേഷൻ

570. ശ്രീ.കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡാം സേഫ്റ്റി ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ നടപ്പിൽ വന്നിട്ടുണ്ടോ ;

(സി) പ്രസ്തുത ഓർഗനൈസേഷന്റെ പ്രധാനപ്പെട്ട ചുമതലകൾ എന്തൊക്കയാണെന്ന് വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. ടി.എം.ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്. 30.10.200-ലെ സർക്കാർ ഉത്തരവ്(എം.എസ്) 75/2000/ഐ.ആർ.ഡി. പ്രകാരം ഡാം സേഫ്റ്റി ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

**(സി) ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയും പ്രകാരമാണ്.**

1. കാലവർഷത്തിനു മുൻപും ശേഷവും ഡാമുകളുടെ പരിശോധന നടത്തുക.

2. ഡാമുകളുടെ അറ്റകുറ്റപ്രവർത്തനങ്ങൾ നിരീക്ഷിക്കുക.

3. ഡാമുകളുടെ സുരക്ഷിതത്വത്തിന് ഫീൽഡ് എൻജിനീയർമാർ കൈക്കൊള്ളുന്ന നടപടികൾ നിരീക്ഷിച്ച് വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേസം നൽകുക.

4. പുനരധിവാസത്തിനായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഡാമുകളെ മുൻഗണനാടിസ്ഥാനത്തിൽ തരംതിരിച്ച് ആവശ്യമായ പണികൽ നടത്തുക.

5. ഡാമുകളുടെ പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കുക.

6. ഡാം സുരക്ഷാസമിതിക്ക് ആവശ്യമായ സഹായം ചെയ്യുക.

7. ദേശീയ ജലകമ്മീഷനിലെ അണക്കെട്ട് സുരക്ഷാ ഓർഗനൈസേഷനുമായി ബന്ധപ്പെട്ട് വേണ്ട നടപടികൽ കൈക്കൊള്ളുക.

8. ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക.

9.

**<u>പ്രത്യേക ടൂറിസം മേഖല ഉണ്ടാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>**

571. ശ്രീ.തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക ടൂറിസം മേഖല ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ മേഖലയുടെ മേൽനോട്ടം ആരെ ഏല്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങലുടെ സഹകരണം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ആസൂത്രിതമായ ടൂറിസം വികസനമാണ് ഇതിന്റെ ഉദ്ദശലക്ഷ്യം.

(സി) സർക്കാർ നിർദ്ദേശിക്കുന്ന കമ്മിറ്റിയെ.

(ഡി) ഉണ്ട്.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധി കമ്മിറ്റികളിൽ അംഗമായിരിക്കും.

**<u>ദേശീയ പട്ടികജാതി - പട്ടികവർഗ്ഗ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിവരുന്ന സഹായങ്ങൾ</u>**

572. ശ്രീ. എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് ദേശീയ പട്ടിക ജാതി-പട്ടിക വർഗ്ഗ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി നാളിതുവരെയായി എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ?

**<u>ഉത്തരം</u>**

**ഡോ. എം.എ.കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി ) :-**

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിവരുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കും കൃഷിഭൂമി വാങ്ങുന്നതിനുമായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനും ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനും ധനസഹായം നൽകിവരുന്നു.

(ബി) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് അവരുടെ പദ്ധതികൾ നടപ്പാക്കാൻ ഇതുവരെ 2456.96000 ലക്ഷം രൂപയും ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്ന് 4,13,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)

## ജലപാത ഡയറക്ടറേറ്റ് രൂപീകരണം

573. ശ്രീ.തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലപാത ഡയറക്ടറേറ്റ് രൂപീകരിക്കാനുദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡയറക്ടറേറ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ടി.എം.ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) പ്രസ്തുത ഡയറക്ടറേറ്റിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

1. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ ജലഗതാഗത പദ്ധതികളുടേയും മേൽനോട്ടം.
2. കേന്ദ്ര സർക്കാരിൽ സമർപ്പിക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സൂക്ഷ്മ പരിശോധന.
3. ഐ.ഡബ്ളിയു. എ.ഐ.യുടെ നോഡൽ ഏജൻസിയായിട്ടുള്ള പ്രവർത്തനം.